നം:എ4/102/11/റ്റിബിഎ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
(പാഠപുസ്തക വിഭാഗം),പത്മവിലാസം,
ഫോർട്ട്, തിരുവനന്തപുരം, തീയതി: 23.8.2011.

## സർക്കുലർ

വിഷയം:- രണ്ടാം ഘട്ട പാഠപുസ്തക വിതരണം 2011-12 സമയ ക്രമം പാലിക്കുന്നത് സംബന്ധിച്ച്.

സൂചന:- ഈ ആഫീസിലെ ഇതേ നമ്പരിലുള്ള 7.6.2011-ലെ സർക്കുലർ.

നടപ്പു അദ്ധ്യയന വർഷത്തെ രണ്ടാം പാദത്തിലേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം സുഗമമായും സമയ ബന്ധിതമായും പൂർത്തിയാക്കുന്നതിനായി താഴെപ്പറയുന്ന വസ്തുതകൾ വിദ്യാഭ്യാസ ആഫീസർമാരെ അറിയിക്കുന്നു.

ഒന്നാം ഘട്ടത്തിലെന്ന പോലെ പാഠപുസ്തകങ്ങൾ നേരിട്ട് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്ന വിതരണ രീതിയാണ് രണ്ടാം ഘട്ടത്തിലും നടപ്പിലാക്കുന്നത്. സ്കൂളുകൾ നൽകിയ ഇൻഡന്റു പ്രകാരമുള്ള പുസ്തകങ്ങൾ കൃത്യമായി ലഭിച്ചു എന്നുറപ്പു വരുത്തുവാൻ പ്രത്യേക നിർദ്ദേശം ബന്ധപ്പെട്ട സൊസൈറ്റി സെക്രട്ടറിമാർക്ക് നൽകണം. ഒന്നാംഘട്ട വിതരണ വേളയിൽ സ്കൂൾ അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടായ പോരായ്മകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായാൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

എറണാകുളം, കോട്ടയം, ഇടുക്കി റവന്യൂ ജില്ലകളിലെ സ്കൂളുകളിലേക്ക് ആഗസ്റ്റ് 26 മുതലും മറ്റു ജില്ലകളിൽ ആഗസ്റ്റ് 29 മുതലും വിതരണം ആരംഭിയ്ക്കുന്നതാണ്. റംസാൻ, ഓണം അവധി ദിവസങ്ങളിൽ പുസ്തക വിതരണം ഉണ്ടാകില്ല. കലണ്ടർ അവധി ദിവസങ്ങളാണ് ഇതിനായി പരിഗണിക്കുന്നത്.

സെപ്റ്റംബർ 25-നു മുമ്പ് രണ്ടാം ഘട്ട വിതരണം പൂർത്തീകരിക്കാനാകും വിധമുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഓരോ വിദ്യാഭ്യാസ ആഫീസറും തങ്ങളുടെ പരിധിയിൽപ്പെടുന്ന എല്ലാ ഗവൺമെന്റ് എയിഡഡ് വിദ്യാലയങ്ങളിലും ആവശ്യമായ പുസ്തകങ്ങളും ഈ തീയതിയ്ക്കുള്ളിൽ ലഭിച്ചു എന്നുറപ്പു വരുത്തേതും സെപ്റ്റംബർ 30-ന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. വിതരണത്തിൽ എന്തെങ്കിലും കുറവുകളോ അപാകമോ ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടാൽ അക്കാര്യം ഇ-മെയിലായി കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ അറിയിക്കുകയും പരിഹാര മാർഗ്ഗം തേടുകയും വേണം.

ഈ സർക്കുലറിന്റെ പകർപ്പുകൾ ഓരോ സ്കൂൾ സൊസൈറ്റികളിലേയ്ക്കും അയയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**ഇ-മെയിൽ വിലാസം**

kbpskochi@gmail.com

tbotvm@gmail.com

**ഫോൺ നമ്പരുകൾ**

**Text Book Office - 0471 2450027**

**K. Reghunadha Pillai (TBO) - 9446592790**

**KBPS**

1. Mr. M.P.Ramakrishnan - 9446472566
2. Mr. Joji Issac - 9446565034

**DTDC Couriers**

1. Mr. Sreejith - 9387429607
2. Mr. Harshan - 9387429614

**ശ്രദ്ധിക്കുക**

**രണ്ടാം ഘട്ട പാഠപുസ്തക വിതരണം 26.8.2011-ന് തുടങ്ങി 29.9.2011 ന് അവസാനിക്കും വിധം ഷെഡ്യൂൾ ചെയ്തിരിക്കുന്നു.**

**റംസാൻ, ഓണം അവധി ദിനങ്ങളിൽ വിതരണം ഉണ്ടാകില്ല.**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

പകർപ്പ്: എല്ലാ ജില്ലാ പാഠപുസ്തക സ്റ്റോർകീപ്പർമാർക്കും.